ഉത്തരം

(എ) ഇല്ല.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി; സ്ഥിരമായ കെട്ടിടങ്ങളിലല്ല സ്കൂൾ പ്രവർത്തിച്ചു വരുന്നത് എന്നതാണ് കാരണം.

(സി) മണിയൂർ പഞ്ചായത്തു ഹൈസ്കൂൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന അർദ്ധ പക്കാ കെട്ടിടങ്ങൾ ''പക്ക'' (സ്ഥിരം) കെട്ടിടങ്ങളായി നിർമ്മിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളതായും അതു കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ എടുത്തു വരുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ''പക്ക'' കെട്ടിടങ്ങൾ നിർമ്മിക്കുന്നതോടുകൂടി സ്ഥിരമായ അംഗീകാരം പ്രസ്തുത സ്കൂളിനു നൽകുന്നതാണ്.

കോടഞ്ചേരി സെൻറ് ജോസഫ് ഹൈസ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം

422 [769] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ഗവൺമെൻറ് ബാദ്ധ്യസ്ഥമാണോ;

(ബി) കോടഞ്ചേരി സെൻറ് ജോസഫ് ഹൈസ്കൂളിലെ (കോഴിക്കോട് ജില്ല) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള കാരണമെന്താണ്;

(ഡി) ഇതുപോലെ വേറെയും കേസുകളുണ്ടോ?

ഉത്തരം

(എ) പ്രൊട്ടക്ഷൻ ഉത്തരവിൻെറ പരിധിയിൽ വരുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ ബാദ്ധ്യസ്ഥമാണ്.

(ബി) ഉണ്ട്.

(സി) മാനേജർ ഡിപ്പാർട്ടുമെൻറ് ഉത്തരവുകൾ അനുസരിക്കാത്തതുകൊണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഈ സ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സംബന്ധിച്ചുവന്ന സംശയംനിമിത്തവും ആണ്. ശമ്പളം ഉടനെ നൽകുന്നതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly